श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, तिरुवनन्तपुरम – 695 011, केरल, भारत

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY

THIRUVANANTHAPURAM – 695 011, KERALA, INDIA

(An Institute of National Importance under DST ; Government of India)

(भारत सरकार के अधीन एक राष्ट्रीय महत्व का संस्थान)

www.sctimst.ac.in

## Press Release



### ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് - 'ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേറ്റർ (TiMed )'- 'ഇന്നൊവേഷൻ ഫെലോഷിപ്പിന്' അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം : ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ, ബിസിനസ് ഇൻക്യൂബേറ്ററായ **TiMed** , ഭാരത സർക്കാർ-ബയോടെക്നോളജി ഇൻഡസ്ട്രി റിസർച്ച് അസിസ്റ്റൻസ് കൗൺസിലിന്റെ (BIRAC) "സ്പർശ്" എന്ന സ്കീമിന്റെ ഭാഗമായി 'സോഷ്യൽ ഇന്നൊവേഷൻ ഇമ്മർഷൻ പ്രോഗ്രാം' നടപ്പിലാക്കുന്നു.

ഭാരതത്തിലെ ഭക്ഷണവും പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സാങ്കേതിക ഇടപെടലിലൂടെ നൂതനമായ പരിഹാരങ്ങൾ കണ്ടെത്താൻ താൽപര്യവും യോഗ്യതയുമുള്ള യുവതീ-യുവാക്കൾക്ക് അപേക്ഷിക്കാം. ലഭിക്കുന്ന അപേക്ഷകൾ “BIRAC” ദേശീയ തലത്തിൽ പട്ടിക തയാറാക്കി തിരഞ്ഞെടുക്കുന്നതാണ് .

18 മാസം ദൈർഘ്യം ഉള്ള അഞ്ച് ഫെലോഷിപ്പുകൾ ലഭ്യമാണ്. ഈ പൂർണ്ണസമയ ഫെലോഷിപ്പിൽ, അംഗങ്ങൾക്ക് പ്രതിമാസം അമ്പതിനായിരം രൂപ **(Rs50,000/-)** ലഭിക്കും .

35 വയസ്സിന് താഴെയുള്ള ഭാരതീയരായ ബിരുദധാരികൾക്ക് അഥവാ ബിരുദാനന്തര ബിരുദം അഥവാ പി.എച്ച്ഡി ഉള്ളവർക്ക് അപേക്ഷിക്കാം. (ലൈഫ് സയൻസ്, അഗ്രികൾച്ചർ, എഞ്ചിനീയറിംഗ്, മെഡിസിൻ / ആയുർവേദ , ഹ്യൂമൻ ബയോളജി എന്നീ മേഖലകളിൽ നിന്ന്) .

ഭാരതത്തിലെ ഭക്ഷണവും പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ, നൂതനവും വിപണനപരവുമായ മികച്ച പരിഹാരങ്ങൾ നിർദ്ദേശിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപെടുന്ന ഫെലോഷിപ്പ്ക്കാർക്ക് അഞ്ചു ലക്ഷം രൂപയുടെ **(Rs5,00000/-)** ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്നതുമാണ്.

ഓൺലൈൻ അപേക്ഷയ്ക്കുള്ള അവസാന തീയതി 2021 സെപ്റ്റംബർ 30. www.birac.nic.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത് .അപേക്ഷാ ഫീസ് സൗജന്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ശ്രീ ചിത്ര -TiMedൽ ബന്ധപെടുക

( https://timed.org.in/ ഇമെയിൽ: timed.business@gmail.com, 0471 2520 306.)

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES & TECHNOLOGY • TRIVANDRUM •

आज़ादी का अमृत महोत्सव